I ഇ.ബി. XV - കേരള നിയമസഭ/X-1

പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2024 ജനുവരി 25, വ്യാഴം

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനം 2024 ജനുവരി 25-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനവാദനത്തോടെ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ഗവർണ്ണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.55-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ് എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ്, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്നീ ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാന്യരായ ഗവർണ്ണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തതിനുശേഷം രാവിലെ 9.00 മണിക്ക് പ്രസംഗം ആരംഭിക്കുകയും 09:01:22-ന് പൂർത്തിയാക്കുകയും ചെയ്തു.

അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിനുമുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാന്റ്

ദേശീയഗാനവാദനം മുഴക്കി. തുടർന്ന് ഗവർണ്ണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജ്, സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗവർണ്ണറുടെ സെക്രട്ടറി, ചീഫ് സെക്രട്ടറി എന്ന ക്രമത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണറെ നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ബഹുമാനപ്പെട്ട ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണ്ണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2024 ജനുവരി മാസം 29-ാം തീയതി ആരംഭിക്കുന്നതാണെന്നും നന്ദി പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന അംഗങ്ങൾ 2024 ജനുവരി 27-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുമ്പായി പ്രസ്തുത ഭേദഗതികൾ നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ്ജിനെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

(സഭ രാവിലെ 09.10-ന് പിരിഞ്ഞു.)

* * * * * * * * * *